## പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.651** **10/03/2015-ൽ മറുപടിക്ക്**

### ഐ.ടി. മേഖലയിലെ തൊഴിൽ ചൂഷണവും തട്ടിപ്പും

**ചോദ്യം** — **ശ്രീ. മോൻസ് ജോസഫ്**

**മറുപടി** — **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണവും തട്ടിപ്പും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു തടയുന്നതിനായി ടെക്നോപാർക്കും ഇൻഫോപാർക്കും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**1. ടെക്നോപാർക്ക് :**<br>i) ഉദ്യോഗാർത്ഥികളിൽ നിന്നും ട്രെയിനിംഗ് എന്ന പേരിൽ പണം വാങ്ങി പരിശീലനം നൽകാൻ പാടില്ലെന്ന് ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികളുമായുള്ള കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ii) വ്യവസ്ഥകൾ പാലിക്കാതെ വീഴ്ച വരുത്തുന്ന കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക, അവരുമായുള്ള കരാറുകൾ റദ്ദാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>iii) ചൂഷണം തടയുന്നതിനായി ഒരു വിജിലൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>iv) ടെക്നോപാർക്കിൽ പരിശീലനം നൽകിയ ശേഷം ജോലി വാഗ്ദാനം നൽകാമെന്ന കമ്പനികളുടെ പരസ്യം കണ്ട് പൊതുജനങ്ങൾ വഞ്ചിതരാകാതിരിക്കുന്നതിനായി ഇങ്ങനെ വാഗ്ദാന പരസ്യം ചെയ്യുന്ന കമ്പനികളെക്കുറിച്ച് കൂടുതലായി അന്വേഷിക്കണമെന്നും ടെക്നോപാർക്കിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് പ്രധാന പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്.<br>**2. ഇൻഫോപാർക്ക് :**<br>ട്രെയിനിംഗ് എന്ന പേരിൽ കമ്പനികൾ നടത്താൻ അനുവദിക്കാറില്ല. അത്തരം കാര്യങ്ങൾ ഏതെങ്കിലും കമ്പനികൾ ചെയ്യുന്നു എന്ന് ബോദ്ധ്യപ്പെട്ടാലോ പരാതി ലഭിച്ചാലോ അവരെ തുടർന്ന് പ്രവർത്തിക്കാൻ |
| (ബി) | ഐ.ടി. മേഖലയിൽ ട്രെയിനിംഗ് എന്ന പേരിൽ യുവാക്കളെയും സർക്കാരിനെയും വഞ്ചിക്കാൻ ശ്രമിക്കുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | |

| | | | |
|---|---|---|---|
| | | | അനുവദിക്കാറില്ല. ഇത്തരം പ്രവർത്തനങ്ങൾ നടത്തിയ Nobel softtech, Atees Infomedia എന്നീ കമ്പനികളുടെ പ്രവർത്തനം ഇൻഫോപാർക്ക് അവസാനിപ്പിച്ചു. |
| (സി) | സർക്കാരിന്റെ ആനുകൂല്യങ്ങൾ മുഴുവനും നേടിയ ശേഷം പൂട്ടിപ്പോകുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിനായി ഐ.ടി. മേഖലയിൽ പ്രത്യേക നിയമം കൊണ്ടുവരുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ